വാരാന്ത്യപതിപ്പ് ലക്കം-49 | APRIL 24 - APRIL 30

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

ലോക മലേറിയ ദിനം
പേജ് 2

ലോക ബോധിക സ്വത്തവകാശ ദിനം
പേജ് 2

അഗ്വഞ്ചർ
പേജ് 2

ലോക വെറ്ററിനറി ദിനം
പേജ് 3

ട്രാഷ് ഇറ്റ്
പേജ് 3

അഭയം
പേജ് 4

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 7

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

ബോഡി ഷെയ്മിങ്ങ് എന്ന വിഷയത്തെക്കുറിച്ച് സോഷ്യോപോഡ്സിന്റെ അമ്പത്തിയൊന്നാം എപ്പിസോഡ് മാർച്ച് ഇരുപത്തിയഞ്ച് വൈകുന്നേരം ആറുമണിക്ക് പുറത്തിറക്കി. ബോഡി ഷെയ്മിങ്ന്റെ പ്രശ്നങ്ങളും, പലതരമുള്ള ബോഡി ഷെയ്മിങ്ങുകളെക്കുറിച്ചുമാണ് വളന്റിയർ അനില പീറ്റർ സംസാരിച്ചത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു

## ലോക മലേറിയ ദിനം

ഏപ്രിൽ ഇരുപത്തിയഞ്ചാം തിയ്യതി ലോക മലേറിയ ദിനം ആചരിച്ചു.മനുഷ്യരാശിക്ക് വിപത്തായി തുടരുന്ന മാരകമായ ഈ രോഗത്തെക്കുറിച്ച് അവബോധം വളർത്താനാണ് ഈ ദിനം ആചരിക്കുന്നത്."മലേറിയ രോഗഭാരം കുറയ്ക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനുമായി നവീകരണം പ്രയോജനപ്പെടുത്തുക"എന്ന ആപ്തവാക്യവുമായി ഈ ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.



# ലോക ബൗദ്ധിക സ്വത്തവകാശ ദിനം

ഏപ്രിൽ ഇരുപത്തിയാറാം തിയ്യതി ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആചരിച്ചു. പകർപ്പവകാശം, വ്യാപാരമുദ്രകൾ, ഡിസൈനുകൾ എന്നിവയുൾപ്പെടെയുള്ള ബൗദ്ധിക സ്വത്തവകാശങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "ഐപിയും യുവാക്കളും മികച്ച ഭാവിക്കായി നവീകരിക്കുന്നു" എന്നതാണ് സന്ദേശം. ഈ ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു..




# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ഏപ്രിൽ ഇരുപത്തിയേഴ്, ബുധനാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ നാല് വളന്റിയേഴ്സ് ചേർന്ന് കണിവെള്ളരി വിളവെടുപ്പ് നടത്തി.









# ലോക വെറ്ററിനറി ദിനം

ഏപ്രിൽ മുപ്പത് ലോക വെറ്ററിനറി ദിനം ആചരിച്ചു.എല്ലാ വർഷവും ഏപ്രിൽ മാസത്തിലെ അവസാന ശനിയാഴ്ചയാണ് അന്താരാഷ്ട്ര വെറ്ററിനറി ദിനമായി ആചരിക്കുന്നത്.മൃഗങ്ങളുടെ ആരോഗ്യകരമായ നിലനില്പ്പിന് വെറ്ററിനറി ഡോക്ടർമാർ വഹിക്കുന്ന പങ്കിനെക്കുറിച്ച് ബോധവാത്മാരാക്കാനായി **2001** മുതലാണ് ഈ ദിനം ആചരിച്ച് തുടങ്ങിയത്.'വെറ്ററിനറി പ്രതിരോധത്തിന് കരുത്തേകാം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇതിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




# ട്രാഷ് ഇറ്റ് : പുഴക്കൽ ബ്ലോക്ക് ഓഫീസ്

ശനിയാഴ്ച 'ട്രാഷ് ഇറ്റ്' ന്റെ ഭാഗമായി പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ അഞ്ച് വളന്റിയേഴ്സ് ചേർന്ന് പുഴക്കൽ ബ്ലോക്ക് ഓഫീസ് പരിസരം വൃത്തിയാക്കി. രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ശുചീകരണത്തിൽ ഏർപ്പെട്ട വളന്റിയേഴ്സിനെയും പ്രോഗ്രാം ഓഫീസേഴ്സിനെയും ഓഫീസ് അധികൃതർ അഭിനന്ദിച്ചു. പരിപാടിയുടെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# അഭയം

അഭയം ഭവന നിർമ്മാണ പദ്ധതിയെന്ന' എൻ എസ് എസിന്റെ സ്വപ്ന പദ്ധതി,പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.



# ചോദ്യം ഉത്തരം

എൻ എസ് എസ് പതാകയുടെ
നിറം എന്താണ്?

--നേവി ബ്ലൂ

## അക്ഷരാഗ്നി

ജിഷ്ണ പി
**B.Sc** മാത്തമാറ്റിക്സ്
വിത്ത് ഫിസിക്സ്

# മഞ്ചാടിമണികൾ

കലാലയത്തിന്റെ ആരവമൊഴിഞ്ഞ ആ വരാന്തയിലൂടെ നടക്കുമ്പോൾ ഇടറുന്ന തന്റെ കാലൊച്ചകൾ മാത്രമായിരുന്നു അന്നവന് കൂട്ട്. ഒരു നിമിഷം അവനൊന്നു തിരിഞ്ഞു നോക്കി. ഏറെ പ്രിയമുള്ളവരോടൊപ്പം , പൊട്ടിച്ചിരിച്ചതും പരിഭവം പറഞ്ഞതും വഴക്കിട്ടതും കളിച്ചു നടന്നതുമായ താൻ പിന്നിട്ട പാതകൾ .............

നടുമുറ്റത്തെ തണൽ മരത്തിനു താഴെയുള്ള കൊച്ചു കൊച്ചു വെള്ളാരം കല്ലുകളും മണൽ തരികളും കണ്ടപ്പോൾ അവന്റെ പാദങ്ങളൊന്നു നിന്നു. അവ തന്നെ നോക്കി ചിരിക്കുന്നുവോ?.........

അവയ്ക്കും പറയാനുണ്ടാവില്ലേ നൂറു നൂറു പരിവേദനങ്ങൾ..... അതെ , ഓരോ സൗഹൃദങ്ങളും കളിച്ചിരികളും നർമ്മങ്ങളും പ്രണയങ്ങളും വിരിയുന്നതും കൊഴിയുന്നതും കാണുന്ന ഏക മൂക സാക്ഷികൾ ...! അവിടെ നിന്നും വീഥികളെ ചുവപ്പിച്ച് നമ്ര - മുഖിയായി നിൽക്കുന്ന വാകമരത്തിന്റെ ചുവട്ടിലായി അവന്റെ പാദങ്ങൾ വീണ്ടുമൊന്ന് വിശ്രമിച്ചു. താഴെ വീണു കിടക്കുന്ന പൂവിതളുകളിലൊന്നിൽ അവന്റെ കരങ്ങൾ തഴുകി.

ഇനിയെന്നാണ് ഇവയ്ക്ക് ഒരായിരം സ്വകാര്യങ്ങൾ തന്നോടിങ്ങനെ ചേർന്നിരുന്ന് പറയാൻ കഴിയുക....? സമരം വിളിക്കാനായി മാത്രം ആർത്തിരുന്ന അവന്റെ ഉള്ള മൊന്ന് തേങ്ങി. കലാലയത്തെ അത്രമേൽ പ്രണയിച്ചിരുന്ന നെഞ്ചോടു ചേർത്തിരുന്ന ആ സമര നായകന് അത്രമേൽ പ്രിയമുള്ളവയായിരുന്നു പിന്നിട്ട ഓരോ ദിനങ്ങളും ..................

ടാ , ജിഷ്ണു ..... നീ ഇവിടെ വന്നിരിക്കാ....? വാക മരത്തിന്റെ ചുവട്ടിൽ അഞ്ചു പേർക്കിരിക്കാവുന്ന വിധം കെട്ടി പൊക്കിയിരുന്ന തിണ്ണകളിലൊന്നിൽ നിന്നും അവൻ ചാടിയെണീറ്റു. താൻ നടന്ന് ഇവിടെ വരെ എത്തിയോ.....? ഒരു വേള അവന് അത്ഭുതം തോന്നി.

ടാ..... വിളിച്ചിട്ടും വീണ്ടും വിളി കേൾക്കാതിരുന്നവനെ ഒരിക്കൽക്കൂടി അനൂപ് തട്ടി വിളിച്ചു.

നീയെന്താടാ ഇവിടെ പന്തം കണ്ട പെരുച്ചാഴി- നെപ്പോലെ ഇരിക്കുന്നേ.

അവിടെ ഹാളിൽ പരിപാടി തുടങ്ങാനായി . സാർ ഇന്നൊന്നും അങ്ങോട്ടിറങ്ങാൻ ഉദ്ദേശമില്ലേ ആവോ ...?

കളിയായൊന്ന് അവന്റെ ചുമലിൽ ഇടിച്ചപ്പോൾ തന്റെ ഷർട്ടിന്റെ കഴുത്തിൽ തൂക്കി പിടിച്ച് ഒരു കിഴുക്കു കിട്ടി അവന് . ഓ ചെക്കൻ പഴയ ഫോമിലായി. ഇനി മേലു നൊന്താ പണി പാളും. അവനൊന്ന് പിറുപിറുത്തു. എന്തോന്ന് ... എന്തോന്നാടാ നിന്നു പിറുപിറുക്കുന്നേ എന്ന ജിഷ്ണുവിന്റെ കണ്ണുരുട്ടലിൽ

ഓ ഒന്നുമില്ല തമ്പ്രാ....വേഗം നടന്നില്ലേൽ പരിപാടി തുടങ്ങാൻ വൈകുംന്ന്

പറയാരുന്നേ ....എന്ന ഇളിച്ചു കൊണ്ടുള്ള പറച്ചിലിന് താളത്തിലായി അവനൊന്നു പുഞ്ചിരിച്ചു കൊണ്ട് രണ്ടു പേരും

ഹാളിലേയ്ക്കുള്ള ഇടനാഴിയിലേക്ക് ചുവടുകൾ വെച്ചു. ഒരിക്കൽ കൂടി ഒരുക്കങ്ങളെല്ലാം ഓക്കേയാണെന്ന് ഉറപ്പു വരുത്തി ക്കൊണ്ട് , ജിത്തു എന്ന അഭിജിത്ത് ആലോചിച്ചു. ഇപ്പം

വരാമെന്ന് പറഞ്ഞ ഒരു മാക്രിയും വിളിക്കാൻ പോയ മറ്റൊരു മര മാക്രിയും. രണ്ടിനേം ഈ വഴി കാണുന്നില്ലല്ലോ ഈശ്വര... അല്ലേലും അവനെ പറഞ്ഞു വിട്ട എന്നെ പറഞ്ഞാ മതി ... എവിടേലും വായ്നോക്കി നിൽപ്പുണ്ടാകും. എവിടെപ്പോയി കിടക്കാണാവോ രണ്ടും ...." ഫെയർ വെൽ ഡേ" എന്ന് ഭംഗിയായി അലങ്കരിച്ചിരുന്ന ഹാളിന്റെ കവാടത്തിനു മുന്നിൽ രണ്ട് തലകൾ പ്രത്യക്ഷപ്പെട്ടു. അപ്പോഴാണ് ജിത്തുവിന്റെ ശ്വാസമൊന്ന് നേരെ വീണത്.

പ്രിൻസിപ്പാൾ ലളിത ടീച്ചറുടെ കരത്താൽ ഏഴുതിരിയിട്ട നിലവിളക്കിനെ പ്രകാശമാനമാക്കി അങ്ങനെ ആ ബാച്ചിന്റേയും അവസാന ദിന ചടങ്ങിന് ആ കലാലയം സാക്ഷിയായി. എന്നാൽ

എല്ലായ്പ്പോഴും കാണികളെ ആർപ്പുവിളിപ്പിച്ചും ഹരം കൊള്ളിച്ചും ഉത്തേജിപ്പിച്ചിരുന്ന ആ സമര നായകന് അന്നാദ്യമായി പ്രസംഗപീഠത്തിനു മുന്നിൽ തന്റെ വാക്കുകൾ ഇടറി..... ഓർമ്മപ്പുഴയുടെ നീരൊഴുക്കിൽപ്പെട്ട് അവനൊന്നുലഞ്ഞു.

അത്രേ മേൽ ഹൃദ്യമായി തന്നെ കേട്ടു കൊണ്ടിരുന്ന ആ സുഹൃദ്മനങ്ങളും ഒന്ന്

വിങ്ങിയിരുന്നോ ...? അറിയില്ല ....! എപ്പോഴും തങ്ങൾക്ക് കിട്ടിയ ഏറ്റവും മോശം ബാച്ചെന്ന് മുദ്ര കുത്തി നടന്ന കേശവൻ മാഷിന്റെ കണ്ണുകൾ പോലും ഒന്ന് ഈറനായി. തന്റെ മൂക്കിൻ തുമ്പിൽ ഇറുക്കി പിടിച്ചിരുന്ന വട്ടക്കണ്ണടയൊന്നൂരി

തൂവാലയിലൊന്ന് മുഖം തുടച്ച് ആ അധ്യാപകൻ തന്റെ പഠന കാലത്തിലേക്ക് ഒന്നൂളിയിട്ടു. എല്ലാ മനുഷ്യരുടേയും സുവർണകാലം ....! മറന്നിടാനാവുമോ മാനവനായി പിറന്നവനെപ്പോഴെങ്കിലും ......?

യാത്രയയപ്പിന്റെ അവസാന നിമിഷങ്ങളിൽ ആ സുഹൃത്തുക്കളെല്ലാമൊന്ന് ആലിംഗനബദ്ധരായി.

മാർക്കറുകളും സ് കെച്ച് പെന്നുകളും വർണപ്പൊടികളും തൂവാത്തയിടം നാമമാത്രമായി. അപ്പോഴും എന്നും എല്ലാരേയും ശബ്ദമുഖരിതമാക്കിയിരുന്ന എല്ലാത്തിന്റേയും മുൻപിൽ അഹോരാത്രം പ്രവർത്തിച്ചിരുന്ന

" മുരട്ടകൾ" എന്നറിയപ്പെടുന്ന അവർ അന്ന് നിശബ്ദരായിരുന്നു. ഓരോ മണൽ തരിക്കും,

ഇടനാഴിയിലൂടെ ഒഴുകുന്ന കാറ്റിനു പോലും പറയാനുണ്ടായിരുന്നു അവരുടെ സൗഹൃദം .....

മൂന്ന് വർഷം ഉണ്ടും ഉറങ്ങിയും കളിച്ചും പഠിച്ചും പരിഭവിച്ചും നടന്നിരുന്ന അവരുടെ ലോകം ....

ഇനിയെന്നാടാ നമ്മൾ ..!

ശബ്ദമൊന്നിടറിക്കൊണ്ട് അനൂപ് ,ജിഷ്ണുവിനെ

ഒന്നു പുണർന്നു. തന്റെ

തൂവിയ കണ്ണുകൾ ഷർട്ടിന്റെ കയ്യിലായൊന്നു തുടച്ച് ജിഷ്ണു, ജിത്തുവിനേയും വലിച്ചു

ചേർത്തിരുന്നു. ഒരു നിമിഷം ആ മൂവർക്കിടയിൽ മുൻപെങ്ങും ഇല്ലാത്ത വണ്ണം മൗനം നിറഞ്ഞു.!

എല്ലാവരും ഹാളിൽ നിന്നും മൂന്ന് വർഷം

ജീവിതം നിറച്ച ഓർമ്മകളും പേറി ആ പടി വിട്ടൊഴിഞ്ഞു പോയ്ക്കൊണ്ടിരുന്നു..

അപ്പോഴും പാർക്ക്

ചെയ്തിരുന്ന ഏതാനും

വാഹനങ്ങൾക്കിടയിൽ

" റോയൽ എൻഫീൽഡിന്റെ ക്ലാസിക് ത്രീ ഫിഫ്റ്റിയുടെ കറുപ്പ്, ചുവപ്പ്, സിൽവർ നിറങ്ങൾ ഇനിയൊരിക്കലും പിരിയില്ലെന്ന മട്ടിൽ അവിടെ നിലയുറപ്പിച്ചിരുന്നു " .

അപ്പോഴാകട്ടെ, പറഞ്ഞും ഓർത്തെടുത്തും തർക്കിച്ചും വീണ്ടും കാര്യം പറഞ്ഞും ആ "ചങ്ങാതികൾ" "മഞ്ചാടി മണികൾ " പോലെ, തങ്ങളുടെ മധുരമൂറുന്ന ഒർമ്മകൾ മനസ്സായ ചെപ്പിലൊളിപ്പിച്ച് , മൂന്നു ദിശകളിൽ തങ്ങളുടെ രഥത്തെ നയിക്കാൻ നടന്നു വരുന്നതേ ഉണ്ടായിരുന്നുള്ളു.

ചിന്നിച്ചിതറാതെ ആ "മഞ്ചാടി മണികൾ " ആജീവനാന്തം ചെപ്പിലൊളിപ്പിക്കാൻ അവർക്കു കഴിയട്ടേ അല്ലേ ....?

ശുഭം ....!



# ചിന്താവിഷയം

ജീവിതത്തിൽ വിജയം നേടുന്നവരെല്ലാം പ്രത്യേക
കഴിവുള്ളവരായിരിക്കണമെന്നില്ല, പലപ്പോഴും ശരാശരി
കഴിവുള്ളവരാകും അവർ...എന്നാൽ സ്ഥിരോത്സാഹവും
ക്ഷമാശീലവും അവരെ ആത്യന്തിക വിജയത്തിലേക്ക് നയിക്കുന്നു.

- മദർ തെരേസ

@nss_stc_42_144